ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

ശ്ലീഹാകാലം

Vol.11 Issue 3




പുതിയ വികാരിയായി ചാർജ്ജെടുത്ത
ബഹു. ജോണി ചെരിപുറം അച്ചന്
പൊൻകുന്നം ഇടവകയിലേയ്ക്ക്
ഹൃദ്യമായ സ്വാഗതം

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 14 |
| നൂറുമേനി | – | 16 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



***Published by*** **: The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368**

***Layout & Printing:*** **General Offset Ponkunnam Ph: 222564, 9495496974, 8848953287**

2019 ജൂൺ ലക്കം

## മുഖമൊഴി

സ്ക്കൂൾ വീണ്ടും തുറന്നു !

അടച്ചപ്പോഴായിരുന്നു കുട്ടികൾക്ക് ഇതിലും സന്തോഷം !!

തുറന്നത് വിജ്ഞാനത്തിന്റെ വാതിൽ !

അടഞ്ഞത് വിനോദങ്ങളുടെയും !!

ഇന്റർനെറ്റിന്റേയും മൊബൈൽ ഫോണുകളുടെയും ചതിക്കുഴികളിലൂടെ ഏകനായി അലയാതിരിക്കാൻ കുടുംബാംഗങ്ങൾ എല്ലാവരും ഉൾപ്പെടുന്ന വിനോദങ്ങളുടെ വാതിലുകൾ പൂർണ്ണമായി അടയ്ക്കാതിരിക്കാം.

കുട്ടികൾ അറിവും ആവേശവും ആഘോഷവും ആഗ്രഹിക്കുന്നു. അവർക്ക് കരുതലും കരുണയും ആത്മവിശ്വാസവും ആവശ്യമാണ്. അപ്പനും അമ്മയും അദ്ധ്യാപകരും ഒന്നിച്ചുനിന്ന് അവ നൽകുകയും വേണം. പഠനം ഒരു ഭാരമായാൽ വഴികളിൽ അവർ ഇടറി വീഴാം!

പ്രതികൂല സാഹചര്യങ്ങളിൽ കുഞ്ഞുമനസ്സുകൾ പതറാതിരിക്കാൻ ഉറച്ച ദൈവിക ചിന്തകൾ അവർക്ക് നൽകണം. പള്ളിയും പട്ടക്കാരനും വേണ്ടാ പഠിച്ചുയർന്നാൽ മതിയെന്ന ചിന്താഗതി വിദ്യാഭ്യാസത്തിന്റെ ഫലസമൃദ്ധിയെ ബാധിക്കാം.


വിദ്യാഭ്യാസ മേഖലയിൽ ഇന്ന് കാണപ്പെടുന്ന അനാവശ്യ മത്സരങ്ങൾ കുട്ടികളുടെ ബാല്യത്തെ നശിപ്പിക്കുകയും മൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യാറുണ്ട്. ചിട്ടയും അച്ചടക്കവും അദ്ധ്വാനവും, വിജ്ഞാന സമ്പാദനത്തിനും ജീവിത വിജയത്തിനും അനിവാര്യമാണ്. എന്നാൽ അമിത പഠന ഭാരവും ടെൻഷനും കുട്ടികളുടെ ശാരീരിക, മാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാം.

അമിതമായ ഹോംവർക്കുകൾ മൂലം ഇന്ന് ചില പഠനമുറികൾ ശബ്ദമുഖരിതമായ 'വർക്ക്ഷോപ്പുകൾ' പോലെയായിത്തീർന്നിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പു നിറഞ്ഞവയും പഴങ്ങൾ മധുരമുള്ളതുമായിരിക്കുമെന്ന് അരിസ്റ്റോട്ടിൽ പറയുന്നു.

അറിവും മൂല്യങ്ങളും ബോധ്യങ്ങളും നൽകി പൊന്നു മക്കളുടെ ചിരി മായാതെ സൂക്ഷിക്കാം. അതിനുള്ള പരിശ്രമം ഇന്നുതന്നെ തുടങ്ങാം. അല്ല ഇപ്പോൾത്തന്നെ തുടങ്ങാം.




ഈശോയിൽ സ്നേഹമുള്ളവരെ,



ആരാധനാക്രമവത്സരത്തിലെ ഉയിർപ്പു കാലത്തിനുശേഷം ശ്ലീഹാക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. പെന്തക്കുസ്താ നാളിനുശേഷം വരുന്ന ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യ ബന്ധം പുലർത്തുന്ന തിരുനാളാണ് പെന്തക്കുസ്താ.

ഇസ്രായേൽ ജനം വിളവെടുപ്പിനോടു ബന്ധപ്പെടുത്തി പെന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. പെന്തക്കുസ്താ എന്ന പദത്തിന്റെ അർത്ഥം അമ്പത് എന്നാണ്. അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോടനുബന്ധിച്ചുള്ള ആദ്യ ഫല സമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നീടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ദൈവജനമായിത്തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയ നിയമത്തിൽ ഈ തിരുനാളിന് പുതിയ അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നെള്ളി വന്നത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്.

പിതാവായ ദൈവത്തിന്റെ മുദ്രവയ്ക്കൽ കർമ്മം നടത്തപ്പെട്ടത് അന്നാണ്. ഈ ഉടമ്പടി നടത്തിയിരിക്കുന്നത് നമ്മുടെയെല്ലാം ഹൃദയങ്ങളിലാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലുണ്ടായ അനുഭവമാണ്, ലോകത്തിന്റെ നാനാഭാഗങ്ങളിൽ പോയി സുവിശേഷം പ്രചരിപ്പിക്കുവാൻ ശിഷ്യന്മാർക്ക് ധൈര്യം നൽകിയത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും ദൈവജനമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമ സഭയുടെ ചൈതന്യവും, കൂട്ടായ്മയും, സഭയുടെ പ്രേഷിത സ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റി സഞ്ചരിച്ച് പുതിയ സമൂഹങ്ങൾക്ക് രൂപം കൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കു ചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെ പിടിച്ചുകൊണ്ട് അവിടുത്തെ നിരന്തര സഹായത്താൽ നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

സ്നേഹത്തോടെ,

*ഫാ. ജോണി ചെരിപുറം (വികാരിയച്ചൻ)*

*ഇടവക ബുള്ളറ്റിനിൽ പരസ്യങ്ങൾ നൽകി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചനെയോ കൊച്ചച്ചനെയോ* ***സമീപിക്കുക***

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായ രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിനു മുമ്പായി ഭാഗ്യസ്മരണാർഹനായ ജോൺ 23-ാം മാർപ്പാപ്പ പ്രാർത്ഥിച്ചതിങ്ങനെയാണ് "പരിശുദ്ധാത്മാവേ ഒരു പുതിയ പെന്തക്കുസ്തയിലെന്നപോലെ തിരുസ്സഭയെ നവീകരിക്കണമേ". കാറ്റിന്റെ ചിറകുകളിൽ തീനാളങ്ങളായി കടന്നു വന്ന പരിശുദ്ധാത്മാവ് സഭയെ നവീകരണ ചൈതന്യം കൊണ്ട് നിറച്ചതിനെയാണ് ശ്ലീഹാക്കാലത്തിൽ സഭ അനുസ്മരിക്കുന്നത്.

പഴയ നിയമത്തിൽ പെന്തക്കുസ്താ ഒരു കൊയ്ത്തു കാല ഉത്സവമായിട്ടാണ് കരുതിയിരുന്നത്. (പുറ.23,16,34,22) കൊയ്ത്തിനായി ആദ്യം അരിവാളെടുത്തിട്ട് ഏഴാഴ്ചകൾക്കു ശേഷമാണ് ഈ തിരുനാൾ തുടങ്ങേണ്ടിയിരുന്നത്. ദൈവാലയത്തിൽ കൊണ്ടുവന്ന ആദ്യത്തെ കറ്റ പുരോഹിതൻ ശാബത്തിന്റെ പിറ്റെ ദിവസം ദൈവത്തിന് കാഴ്ചവെച്ചതുതൊട്ട് ഏഴു ശാബതങ്ങൾ വരത്തക്കവണ്ണം ഏഴാഴ്ചകളെണ്ണി പിറ്റേ ദിവസം അതായത് അൻപതാമത്തെ ദിവസമാണ് ഈ ഉത്സവം നടന്നിരുന്നത്. ഇതിൽനിന്നാണ് പെന്തക്കുസ്താ എന്ന പേരുതന്നെ ഈ തിരുനാളിനു ലഭിച്ചത്. കാലക്രമേണ ഈ തിരുനാളിനെ സീനായ്മലയിൽ വെച്ച് ഇസ്രയേലിനു പ്രമാണം നൽകപ്പെട്ടതുമായി ബന്ധിച്ചു തുടങ്ങി.

പുതിയ നിയമത്തിൽ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങിയത് പെന്തക്കുസ്താ ദിവസമായിരുന്നു (നട. 2, 1–13). അന്നുതന്നെയായിരുന്നു തിരുസ്സഭയുടെ ജനനവും. പരിശുദ്ധാന്മാവിന്റെ ആഗമനത്തോടെ ഈശോയുടെ ശിഷ്യന്മാർ മിശിഹായുടെ സഭയായി രൂപം കൊണ്ടു.

ആദിമ സഭയിൽ ഉയിർപ്പു തിരുനാളാചരണത്തിന്റെ സമാപന ദിവസമായിരുന്നു പെന്തക്കുസ്താ. ഉയിർത്തെഴുന്നേറ്റ മിശിഹാ സ്വർഗ്ഗത്തിലേയ്ക്ക് കരേറുന്നതിനു മുമ്പ് നാൽപതു ദിവസത്തേയ്ക്ക് അവർക്കു കാണപ്പെട്ടുകൊണ്ടിരുന്നു. ജറുസലേമിൽനിന്നു പുറത്തു പോകാതെ പിതാവിൽ നിന്നുള്ള വാഗ്ദാനം കാത്തിരിക്കണം എന്ന നിർദ്ദേശം നൽകിയിട്ടാണ് ഈശോ വിടവാങ്ങിയത്.

ഇന്ന് സമൂഹത്തിൽ ഒരു Burnt out Syndrome (ജീവശക്തി കത്തിത്തീർന്ന് എരിഞ്ഞടങ്ങുന്ന അവസ്ഥ) വർദ്ധിച്ചു വരുന്നു എന്ന മനഃശാസ്ത്ര നിരീക്ഷണം ഭൂമുഖത്തെ നവീകരിക്കുന്ന പുതിയ പന്തക്കുസ്തായുടെ ആവശ്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പന്തക്കുസ്താ നാളിൽ മുൻമഴ പെയ്യിച്ച പരിശുദ്ധാത്മാവ് ഇന്നും വാടിപ്പോയതിനെ നനച്ചും ആറിപോയതിന് ചൂടു നൽകിയും മന്ദീഭവിച്ചതിന് ഉണർവ്വ് നൽകിയും അനേകരെ സാക്ഷ്യജീവിതത്തിൽ നിലനിർത്തട്ടെ.

*ഫാ. ജോസഫ് ചക്കുംമൂട്ടിൽ*
*(കൊച്ചച്ചൻ)*

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. 2019-2020 അദ്ധ്യയന വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ മെയ് 26 ന് ആരംഭിച്ചു.

2. ഫൊറോനാതല അദ്ധ്യാപക സെമിനാർ (തെളിച്ചം 2019) ജൂൺ 23-ാം തീയതി നമ്മുടെ ഇടവകയിൽ വച്ച് നടത്തുന്നതാണ്.

4. ലോഗോസ് ക്വിസ് -2019 ന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് സൺഡേ സ്ക്കൂൾ ആഫീസിൽ പേര് നൽകാവുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. ആശാ നിലയം സ്ക്കൂൾ വാങ്ങുന്നതിന് പലിശരഹിത വായ്പയായി നൽകിയിരുന്ന 50,000/- രൂപ സംഭാവനയായി നൽകി

2. രൂപതാ മാതൃവേദിയുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ രൂപതയിൽ പുതുതായി പണിതുകൊണ്ടിരിക്കുന്ന പത്ത് പള്ളികൾക്ക് നമ്മുടെ ഇടവകയിൽ ഒരു വീട്ടിൽനിന്ന് ഒരു

പള്ളിക്ക് ഒരു രൂപ എന്ന കണക്കിൽ പത്ത് പള്ളികൾക്കായി 11,400/- രൂപ നൽകി.

3. കാഞ്ചിയാർ പള്ളിയിൽ വച്ച് നടന്ന ജിയന്നാ തീർത്ഥാടനത്തിൽ നമ്മുടെ യൂണിറ്റിൽ നിന്ന് രണ്ടുപേർ പങ്കെടുത്തു.

4. നമ്മുടെ ഇടവകയിലെ വികാരിയായും, മാതൃവേദിയുടെ ഡയറക്ടറായും കഴിഞ്ഞ നാലു വർഷക്കാലം സേവനം അനുഷ്ഠിച്ചശേഷം പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചനും കഴിഞ്ഞ 18 വർഷമായി മാതൃവേദിയുടെ ആനിമേറ്ററായി സേവനം അനുഷ്ഠിച്ചശേഷം എലിക്കുളം മഠത്തിലെ മദറായി സ്ഥലം മാറിപ്പോയ ബഹു. സി. എൽസ് ഐക്കരക്കുന്നേലിനും സ്നേഹോഷ്മളമായ യാത്രയയപ്പു നൽകി.

5. ചികിത്സാ സഹായമായി 2000/- രൂപാ നൽകി.

6. സൺഡേസ്ക്കൂൾ കുട്ടികളുടെ ഉത്ഥാനോത്സവ ചെലവിലേയ്ക്ക് 5000/- രൂപാ നൽകി.

7. ജൂൺമാസം 2-ാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മാതൃവേദിയുടെ ഇടവകാതല മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

8. നമ്മുടെ ഇടവകയിൽ പുതിയ വികാരിയായും മാതൃവേദിയുടെ ഡയറക്ടറായും ചാർജ്ജെടുത്ത ബഹു. ജോണി ചെരിപുറത്തിലച്ചനെയും, മാതൃവേദിയുടെ ആനിമേറ്ററായി ചാർജ്ജെടുത്ത സി. റ്റിൻസി കലയത്തിനാംകുഴിയെയും മാതൃവേദി അംഗങ്ങൾ സ്വാഗതം ചെയ്തു.

*ബിന്ദു റ്റിജോ തേക്കുംതോട്ടം* (സെക്രട്ടറി)

## കത്തോലിക്കാ കോൺഗ്രസ്

1. കത്തോലിക്കാ കോൺഗ്രസ് പൊൻകുന്നം യൂണിറ്റിലേയ്ക്കുള്ള പുതിയ അംഗത്വം യൂണിറ്റ് മുഖേന നൽകി വരുന്നു. ഇടവക ഡയറക്ടറിയിലേയ്ക്ക് കുടുംബ കൂട്ടായ്മാ ലീഡർമാർ മുഖാന്തിരം ലഭിച്ച അംഗത്വ വിവരങ്ങളുടെ ഫൈനൽ വെരിഫിക്കേഷൻ അവസാന ഘട്ടത്തിലാണ്.

2. യൂണിറ്റിന്റെ ആദ്യ ഡയറക്ടറായിരുന്ന ബഹു. ഡോ. ജോസഫ് വെള്ളമറ്റത്തിലച്ചന് സമുചിതമായ യാത്രയയപ്പ് നൽകി.

3. കത്തോലിക്കാ കോൺഗ്രസ്സിന്റെ 101-ാമത് വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പാസ്റ്ററൽ സെന്ററിൽ നടന്ന പ്രതിനിധി സമ്മേളനത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു.

***ജോസ് വെച്ചൂക്കുന്നേൽ*** (സെക്രട്ടറി)

## പിതൃവേദി

1 കുട്ടികൾക്കായി നടത്തുന്ന തിരുവചനക്കളരിയുടെ ഒരു ദിവസത്തെ ചെലവിനായി 2000/- രൂപാ നൽകി.

2. ഈ ഇടവകയിൽനിന്നും പൊടിമറ്റം സെന്റ് മേരീസ് ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയ ബഹു. ജോസഫ് വെള്ളമറ്റം അച്ചന് സമുചിതമായ യാത്രയയപ്പും പാരിതോഷികവും നൽകി.

3. എം.ബി.എഫ് - ന്റെ 10-ാമത് നറുക്കെടുപ്പിന്റെ തുക ശ്രീ. മാത്യു ഡൊമിനിക് കോയിപ്പുറത്തിന് ലഭിച്ചു.

***റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)***

# അസോവ

നമ്മുടെ സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് യോഗം 29-04-2019 തിങ്കളാഴ്ച 7.30 പി.എം. ന് ബോർഡ് മെമ്പർ ശ്രീ. മാത്യു കാച്ചപ്പള്ളിയുടെ ഭവനത്തിൽ നടത്തപ്പെട്ടു. ബഹു. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം, റവ. ഫാ. തോമസ് ഈറ്റോലിൽ, എന്നിവരുടെസാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

തുടർന്നു നടന്ന ചർച്ചകളിൽ താഴെ പ്രസ്താവിക്കുന്ന തീരുമാനങ്ങളെടുത്തു.

1. കിഡ്നി രോഗികൾക്ക് സൗജന്യമായി ഡയലസ്റും, ബ്ലഡ് ട്യൂബും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം ബഹു. ഡയറക്ടർ അച്ചൻ മുഖേന നമ്മുടെ ഇടവക ദൈവാലയത്തിൽ അറിയിക്കുക

2. സംഘടന നടത്തുവാൻ തീരുമാനിച്ച ടൂർ പ്രോഗ്രാം മെയ് 20 നകം നടത്തുക.

എം. ബി.എഫ്- ന്റെ 20-ാമത്തെയും 21-ാമത്തെയും നറുക്കെടുപ്പിൽ എ.റ്റി. ജോസഫ്, പി.സി. തോമസ് എന്നിവർ യഥാക്രമം വിജയികളായി. വൈസ് പ്രസിഡന്റ് വി.റ്റി. ജേക്കബ് വാലുമ്മേൽ കൃതജ്ഞത പ്രകാശിപ്പിച്ചു.

*പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)*

## സി. വൈ. എം. എ.

1 പെസഹാ വ്യാഴാഴ്ചത്തെ അപ്പം മുറിക്കൽ, ദുഃഖവെള്ളി യാഴ്ചത്തെ കുരിശിന്റെ വഴി, എന്നിവയുടെ ക്രമീകരണ ങ്ങൾ അംഗങ്ങളുടെ നേതൃത്വത്തിൽ ഭംഗിയായി നടത്തി. കുരിശിന്റെ വഴിക്ക് ലോറി ഭംഗിയായി അലങ്കരിച്ച സംഘ ടനാംഗമായ ശ്രീ. മാത്തുക്കുട്ടി പർണ്ണശാലയ്ക്കും, മോരും വെള്ളം സ്പോൺസർ ചെയ്ത സംഘടനാംഗമായ ശ്രീ. ജോയി കളത്തിപ്പറമ്പിലിനും പ്രത്യേകം നന്ദി അറിയിക്കു ന്നു.

2. 19-5-2019 ൽ കൂടിയ വിശേഷാൽ പൊതുയോഗത്തിൽ വച്ച് ഇവിടെനിന്നും പൊടിമറ്റം പള്ളിയിലേയ്ക്ക് സ്ഥലം മാറി പ്പോയ ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റത്തിലച്ചന് അംഗങ്ങളുടെ നേതൃത്വത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി. തദവസരത്തിൽ സംഘടനയുടെ സ്നേഹോപ ഹാരം സമർപ്പിച്ചു. സമ്മേളനാനന്തരം ശ്രീ. മാത്തുക്കുട്ടി പർണ്ണശാലയുടെ നേതൃത്വത്തിൽ സ്നേഹവിരുന്നും നട ത്തി.

3. ജൂൺ 2-ാം തീയതി ഞായറാഴ്ച രാവിലെ 5.15-ന്റെ കുർബ്ബാനയ്ക്കുശേഷം അംഗങ്ങളുടെ മാനസികോല്ലാസ ത്തിനായി ഒരു ഏകദിന വിനോദയാത്ര മേഘമലയി ലേയ്ക്ക് നടത്തി.

4. സി.വൈ.എം. എ. നേഴ്സറി സ്ക്കൂളിന്റെ ഈ വർഷത്തെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. രണ്ടര വയസ്സു മുത ലുള്ള കുട്ടികൾക്ക് അഡ്മിഷൻ നൽകാൻ തീരുമാനിച്ചു.

5. സി.വൈ.എം.എ യുടെ വാർഷിക പൊതുയോഗം ജൂൺ

16-ാം തീയതി ഞായറാഴ്ച 7 പി.എം. ന് അസംബ്ലി ഹാളിൽ നടത്താൻ തീരുമാനിച്ചു.

*ജോജി മണിയങ്കേരിൽ (സെക്രട്ടറി)*

## യുവദീപ്തി - S.M.Y.M

1. ടൗണിൽ ചൂടിൽ വലയുന്നവർക്കായി സംഭാരം വിതരണം ചെയ്തു.
2. മഹാറാലിക്ക് മുമ്പായി നടന്ന വിളംബര ജാഥയുടെ സമാപനം അതിഭംഗീരമായി സ്വീകരിച്ചു. ഏറ്റവും മികച്ച രീതിയിൽ സ്വീകരണം നൽകിയതിന് ഫൊറോനാതലത്തിൽ രണ്ടാം സ്ഥാനം നേടി.
3. കാഞ്ഞിരപ്പള്ളിയിൽ വച്ച് നടന്ന മഹാറാലിയിൽ നമ്മുടെ ഇടവകയിൽ നിന്ന് 60 ഓളം യുവജനങ്ങൾ പങ്കെടുത്തു.
4. ആദ്യ കുർബ്ബാന സ്വീകരിച്ച കുട്ടികൾക്ക് ആശംസകൾ നേർന്നു.

*ജേക്കബ് തേക്കുംതോട്ടം (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

സ്ഥിരമായി നൽകിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ചികിത്സാ സഹായങ്ങൾക്കു പുറമെ ചികിത്സാ സഹായമായി 4 പേർക്ക് 33000/രൂപയും ബേത്‌ലഹേം ആശ്രമം സന്ദർശിച്ച് 10,000/- രൂപയും മൃതസംസ്ക്കാരത്തിനായി 4000/- രൂപയും ചെലവഴിച്ചു. ഒരു വിദ്യാർത്ഥിക്ക് നാഷണൽ കൗൺസിലിൽ നിന്നും സ്ക്കോളർഷിപ്പായി 4000/- രൂപയും ലഭ്യമാക്കി. നമ്മുടെ ഇടവകയിൽനിന്നും സ്ഥലം മാറിപ്പോയ വികാരി ഡോ. ജോസഫ് വെള്ളമറ്റം അച്ചന് യാത്രയയപ്പു നൽകി.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## ചെറുപുഷ്പ മിഷൻലീഗ്

1. പത്തു കുടംബങ്ങൾക്ക് പച്ചക്കറി - പഴവർഗ്ഗ കിറ്റുകൾ വിതരണം ചെയ്തു.

2 ഈസ്റ്റർ ദിനത്തിൽ നിരാലംബർക്ക് ചോറുപൊതി വിതരണം നടത്തി.

*ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. തോമസ് ചിലമ്പിൽ
2. ജേക്കബ് ചെങ്ങാലിക്കുഴിയിൽ
3. തോമസ് ചെങ്ങാലിക്കുഴിയിൽ
4. ടെസ്സി കിളിരൂപ്പറമ്പിൽ
5. സാം കോട്ടയിൽ
6. ടെസാ മറിയം അഴകത്ത്
7. ഏലീഷ്വാ മണ്ണംപ്ലാക്കൽ
8. ക്ലെയർ മൈലാടി
9. അന്നമ്മ പ്ലാക്കൽ
10 ജോസഫ് വാടയിൽ
11. ജോർഡൻ കൂറ്റനാൽ

## ഓർമ്മകളിലേയ്ക്ക്

1. ഷാജി ചക്കാലയ്ക്കൽ
2. ജോസ് മരിയഭവൻ
3. ത്രേസ്യാമ്മ പുത്തൻപുരയ്ക്കൽ
4. ഉഷ മാണിപ്പറമ്പിൽ
5. അന്നമ്മ മാറാട്ടിൽ
6. മറിയം വെട്ടിക്കൽ
7. സ്റ്റീഫൻ പുളിക്കൽ

## നമ്മൾ ഒന്നായി

1. ഷിബിൻ - മെർളി - പള്ളിനീരാക്കൽ
2. രാജേഷ് - പ്രീതി - നെല്ലിയേക്കുന്നേൽ
3. എബിൻ - പ്രിയ - വിലങ്ങുപാറ ചിറ്റേട്ട്
4. അജയ് - ഹരിത - വട്ടയ്ക്കാട്ട്
5. ടോണി - അലീന - ചെങ്ങാലിക്കുഴിയിൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# മതവിശ്വാസങ്ങൾ

മതവിശ്വാസങ്ങളെ വ്രണപ്പെടുത്തുന്നതു കുറ്റകരമാണ്. ഏതെങ്കിലും മതവിഭാഗത്തെഅധിക്ഷേപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയോ, തന്റെ പ്രവൃത്തി മതനിന്ദയായി അവർ കരുതുവാനി ടയുണ്ടെന്നുള്ള അറിവോകൂടിയോ, ദൈവാലയമോ ദിവ്യമായി അവർ സൂക്ഷിക്കുന്ന വസ്തുക്കളോ, നശിപ്പിക്കുവാനോ കേടു വരുത്തുവാനോ അശുദ്ധമാക്കു വാനോ പാടില്ല. ദിവ്യമായി അവർ കരുതുന്ന വസ്തുക്കൾ വില പിടിച്ചതാവണമെന്നോ ആരാധിക്കപ്പെടുന്നതായിരിക്കണ മെന്നോ ഇല്ല. ഏതെങ്കിലും മതവിഭാഗം ആ വസ്തുവിനെ പാവനമായി കരുതുന്നുണ്ടെന്നു വന്നാൽ മതി.

ഭരണഘടന ഉറപ്പു നൽകുന്ന അഭിപ്രായസ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിനെതിരല്ല ഈ വകുപ്പെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്.

ആരാധനാക്രിയയിലോ മതാനുഷ്ഠാനങ്ങളിലോ നിയമാനു സരണം ഏർപ്പെട്ടിട്ടുള്ള ഒരാൾക്കൂട്ടത്തിൽ മനഃപൂർവ്വം കുഴപ്പമുണ്ടാക്കിയാൽ ഒരു കൊല്ലം വരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാമെന്ന് ഇന്ത്യൻ ശിക്ഷാനിയമം 296-ാം വകുപ്പിൽ പറയുന്നു.

ആരുടെയെങ്കിലും വികാരങ്ങളെ വ്രണപ്പെടുത്തു ണമെന്നോ മതത്തെ നിന്ദിക്കണമെന്നോ അപ്രകാരം സംഭവിക്കുവാനിടയു ണ്ടെന്നറിഞ്ഞുകൊണ്ടോ താഴെപ്പറയുന്ന

പ്രവൃത്തികൾ നടത്തുന്നത് കുറ്റകരമാണ്.

1. ആരാധനാസ്ഥലത്തോ ശവസംസ്കാരം നടക്കുന്ന സ്ഥലത്തോ അതിക്രമിച്ചു കടക്കുക.
2. ശ്മശാനങ്ങൾ കൈയേറുക.
3. മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സ്ഥലം കൈയ്യേറുക.
4. മനുഷ്യരുടെ ശവത്തെ നിന്ദിക്കുന്ന പ്രവൃത്തികൾ ചെയ്യുക.
5. ശവസംസ്കാരചടങ്ങുകൾ നിർവ്വഹിക്കുവാൻ കൂടിയിരിക്കുന്നവർക്ക് ശല്യം ഉണ്ടാക്കുക.

ശിക്ഷ ഒരു കൊല്ലം വരെ തടവോ പിഴയോ രണ്ടും കൂടിയോ ലഭിക്കുന്നതാണ്.

ഒരു വ്യക്തിയുടെ മതവികാരങ്ങളെ വ്രണപ്പെടുത്തണമെന്ന മനഃപൂർവ്വമായ ഉദ്ദേശത്തോടുകൂടി ഏതെങ്കിലും വാക്ക് ഉച്ചരിക്കു കയോ ശബ്ദം പുറപ്പെടുവിക്കുയോ ചെയ്യുക. അഥവാ ഏതെങ്കിലും ആംഗ്യംകാണിക്കുകയോ ഏതെങ്കിലും സാധനം കൊണ്ടു വയക്കുകയോ ചെയ്യുക. ഇവയെല്ലാം 298-ാം വകുപ്പനുസരിച്ച് ശിക്ഷാർഹമാണ്. ശിക്ഷ ഒരു കൊല്ലം വരെ തടവോ പിഴയോ രണ്ടും കൂടിയോ ലഭിക്കുന്നതാണ്.

ആയതിനാൽ എല്ലാ മതങ്ങളെയും അവയുടെ അനുഷ്ഠാനങ്ങളെയും ബഹുമാനത്തോടുകൂടി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് സാമൂഹ്യനീതിക്കനിവാര്യമാണ്.

# നൂറുമേനി

1 നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ (മത്താ 28:19)

2 ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം (മർക്കോ 8:36)

3 ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല (ലൂക്കാ 1:37)

4 നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും (യോഹ 15:4)

5 നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപ്പന പാലിക്കും (യോഹ 14:15)

6 ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്താ 5:8)

7 നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്താ 5:14)


8 ആകാശവും ഭൂമിയും കടന്നുപോകും എന്നാൽ എന്റെ വചനങ്ങൾ കടന്നു പോവുകയില്ല (മർക്കോ 13:31

9 ദൈവരാജ്യം നിങ്ങളുടെയിടയിൽ തന്നെയുണ്ട്

(ലൂക്കാ 17:21)

10 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല (യോഹ 14:18)

***(എല്ലാ സൺഡേസ്ക്കൂൾ കുട്ടികളും ഈ തിരുവചനങ്ങൾ മനഃപാഠമാക്കണം)***


പൊടിമറ്റം പള്ളിയിലേയ്ക്ക് സ്ഥലം മാറിപ്പോയ
ബഹു. ജോസഫ് വെള്ളമറ്റം അച്ചന്
പൊൻകുന്നം ഇടവകാംഗങ്ങളുടെ
യാത്രാമംഗളങ്ങൾളും
പ്രാർത്ഥനാശംസകളും




2019– ൽ പ്രസിദ്ധീകരിക്കുന്ന, തിരുക്കുടുംബ ദൈവാലയ ഡയറക്ടറിയുടെ
കവർ പേജിന്റെ പ്രകാശന കർമ്മം വികാരി റവ. ഡോ. ജോസഫ് വെള്ളമറ്റം നിർവ്വഹിച്ചു.

4-ാം ചരമ വാർഷികം

**മറിയം തോമസ്**
**കാലായിൽ**
**മരണം: 3–7–2015**

നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും സ്മരിക്കണമെ.

